# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2913** **18.08.2017-ൽ മറുപടിയ്ക്ക്**

**മത്സ്യ അദാലത്ത്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.എം. മുകേഷ്<br>ശ്രീമതി യു. പ്രതിഭ ഹരി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളികൾക്കായി മത്സ്യ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) ഉണ്ട്. സംസ്ഥാന സർക്കാരിന്റേയും മത്സ്യ വകുപ്പിന്റേയും പ്രവർത്തനങ്ങൾ ജനപക്ഷം എത്തിക്കുന്നതിനായി മത്സ്യോത്സവം സംഘടിപ്പിക്കുന്നതിന്റെ കൂടെ മത്സ്യത്തൊഴിലാളികളുടേയും മത്സ്യ കർഷകരുടേയും പരാതികൾക്ക് സത്വര പരിഹാരം കാണുന്നതിനായി മത്സ്യ അദാലത്തും സംഘടിപ്പിച്ചു. 6 കേന്ദ്രങ്ങളിലായാണ് മത്സ്യ അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചത്. കൊല്ലം ജില്ലയിൽ മെയ് 27, മലപ്പുറം ജില്ലയിൽ ജൂലൈ 7, തിരുവനന്തപുരത്ത് ജൂലൈ 11, എറണാകുളത്ത് ജൂലൈ 25, ആലപ്പുഴ ജില്ലയിൽ ആഗസ്റ്റ് 13 എന്നീ തീയതികളിലാണ് മത്സ്യ അദാലത്ത് സംഘടിപ്പിച്ചത്. കോഴിക്കോട് ജില്ലയിൽ തീയതി നിശ്ചയിച്ചിട്ടില്ല. |
| ബി) മത്സ്യത്തൊഴിലാളി സംഘങ്ങൾക്കുള്ള വായ്പാ ധനസഹായവും മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായവും വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | ബി) ഉണ്ട്. മത്സ്യത്തൊഴിലാളി സംഘങ്ങൾക്കുള്ള വായ്പാ ധനസഹായവും മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായവും മത്സ്യ അദാലത്തിനോടനുബന്ധിച്ച് വിവിധ ജില്ലകളിൽ വിതരണം ചെയ്തിട്ടുണ്ട്.ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

| ജില്ലയുടെ പേര് | മത്സ്യത്തൊഴിലാളി സംഘ ങ്ങൾക്കുള്ള വായ്പാ ധനസഹായം തുക (ലക്ഷത്തിൽ) | മരണമടഞ്ഞ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ധനസഹായം തുക (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 398.90 | 57.06 |
| കൊല്ലം | 114.10 | 20.09 |
| എറണാകുളം | 330.20 | 7 |
| മലപ്പുറം | 42.17 | 10 |
| ആലപ്പുഴ | 406 | 25 |
| ആകെ | 1291.37 | 119.15 |

| | | | |
|---|---|---|---|
| സി) | മത്സ്യത്തൊഴിലാളികൾക്കുള്ള കടൽ സുരക്ഷാ ഉപകരണങ്ങൾ പ്രസ്തുത വേളയിൽ വിതരണം ചെയ്തിട്ടുണ്ടോ; | സി) | ഉണ്ട്. യന്ത്രവത്കൃത ബോട്ടുകൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ നടന്ന മത്സ്യോത്സവത്തിൽ വച്ച് 3 പേർക്കും മലപ്പുറം ജില്ലയിൽ നടന്ന മത്സ്യോത്സവത്തിൽ മലപ്പുറം ജില്ലയിലെ 7 പേർക്കും കോഴിക്കോട് ജില്ലയിലെ 3 പേർക്കും കണ്ണൂർ ജില്ലയിലെ 10 പേർക്കും കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| ഡി) | മത്സ്യത്തൊഴിലാളികളുടെ വിവിധ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഇപ്രകാരമുള്ള അദാലത്തുകൾ വീണ്ടും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ? | ഡി) | മത്സ്യ അദാലത്ത് മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണാൻ കഴിയുന്ന പരിപാടി ആകയാൽ മത്സ്യ അദാലത്ത് വീണ്ടും സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**